പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 1026

14/06/2012-ൽ മറുപടി നല്കേണ്ടത്

ഇടുക്കിയിലെ ഭൂപ്രശ്നങ്ങൾപരിഹരിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.റോഷി അഗസ്റ്റിൻ :<br>ശ്രീ. പി.സി. ജോർജ്:<br>ഡോ. എൻ. ജയരാജ് | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) ഇടുക്കിയിൽ നിലനിൽക്കുന്ന ഭൂപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; | (എ) ഇടുക്കി ജില്ലയിലെ നിലവിൽ സജീവമായ ഭൂപ്രശ്നങ്ങളിൽ പ്രഥമഗണനീയമായത് 01/01/1977 ന് മുമ്പ് കുടിയേറിയ അർഹരായ കർഷകർക്ക് പട്ടയം കൊടുക്കുക എന്നതാണ്. ജില്ലയിലെ ആറ് ഭൂമി പതിവ് ഓഫീസുകൾ മുഖേന സമയബന്ധിതമായി പട്ടയം നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പട്ടയ നടപടികൾ ഇപ്പോൾ വളരെ പുരോഗതിയിലാണ്. പ്രസ്തുത നടപടികൾ സംബന്ധിച്ച് ജില്ലാ തലത്തിൽ വിലയിരുത്തുകയും വേണ്ട നിർദ്ദേശങ്ങളും ആവശ്യമായ സഹായവും നല്കുന്നുണ്ട്. എല്ലാ ഭൂമി പതിവ് ഓഫീസിലും മുഴുവൻ സ്റ്റാഫിനേയും ഉപയോഗപ്പെടുത്തി നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ഭൂമി പതിവ് ഓഫീസിൽ നിന്നും ജോലി ക്രമീകരണ വ്യവസ്ഥയിലോ ഡെപ്യൂട്ടേഷനിലോ മറ്റ് ഓഫീസുകളിൽ ജോലി ചെയ്യുന്നവരെ തിരികെ അതാത് ഭൂമി പതിവ് ഓഫീസിലേയ്ക്ക് നിയമിച്ചിട്ടുണ്ട്. ജില്ലാ കളക്ടർ തന്നെ നേരിട്ട് ഓരോ ഭൂമി പതിവ് ഓഫീസിലും സന്ദർശനം നടത്തി പുരോഗതി വിലയിരുത്തുന്നുമുണ്ട്.<br>ജില്ലയിലെ മറ്റൊരു സജീവ ഭൂവിഷയം പരിസ്ഥിതി ദുർബ്ബല പ്രദേശവുമായി ബന്ധപ്പെട്ട് കർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളാണ്. റവന്യൂവകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ ജന പ്രതിനിധികളും റവന്യൂ വനം വകുപ്പ് ഉദ്യോഗസ്ഥരും ഉൾപ്പെട്ട ജില്ലാ തല മോണിറ്ററിംഗ് കമ്മിറ്റി 05/06/2012ൽ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേരുകയും പരിസ്ഥിതി ദുർബല പ്രദേശം സംബന്ധിച്ച് കർഷരുടെ ആശങ്ക അകറ്റുന്ന നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>കെ.എസ്.ഇ.ബി. ഉപേക്ഷിച്ച പദ്ധതി പ്രദേശങ്ങളായ പെരിഞ്ചാംകുട്ടി, കുത്തുങ്കൽ തുടങ്ങിയ മേഖലകളിൽ പട്ടയം നല്കുന്നതിനായി രാജാക്കാട്, ബൈസൺവാലി എന്നീ രണ്ട് സർവ്വെ ഓഫീസുകൾ മുഖേന സർവ്വെ നടപടികൾ സ്വീകരിച്ചുവരികയാണ്. സർവ്വെ ചെയ്യുവാനുള്ള 7460.91 ഹെക്ടറിൽ 2447.12 ഹെക്ടർ സ്ഥലത്തെ സർവ്വെ പൂർത്തിയായിട്ടുണ്ട്. സർവ്വെ ചെയ്ത ഭൂമിയിൽ 6136 കൈവശക്കാർ ഉണ്ട്.<br>മറ്റൊരു സജീവ വിഷയം 10 ചെയിൻ പ്രദേശത്ത് |

| | |
|---|---|
| | പട്ടയം കൊടുക്കുന്നതാണ്. |
| (ബി) ഇടുക്കിയിലെ ഉപേക്ഷിച്ച പദ്ധതി പ്രദേശങ്ങളിലും പത്ത് ചെയിൻ പ്രദേശങ്ങളിലും പട്ടയം നൽകുന്നതിന് 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ ഏതുഘട്ടത്തിലാണ്; | (ബി) യും (സി) യും ഇക്കാര്യത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) നടപ്പു സഭാസമ്മേളനത്തിൽ പ്രസ്തുത ഭേദഗതി നടപ്പിൽ വരുത്താൻ സാധിക്കുമോ; വ്യക്തമാക്കുമോ; | |
| (ഡി) 1.1.1977-നു മുമ്പ് ഭൂമി കൈവശം വച്ചിരിക്കുന്ന കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനുള്ള തീരുമാനം എന്ന് പ്രാവർത്തികമാക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ? | (ഡി) 01/01/1977ന് മുമ്പ് കുടിയേറിയ അർഹരായ എല്ലാവർക്കും പട്ടയം നല്കുന്നതിനുള്ള അടിയന്തിര നടപടികൾ ജില്ലയിലെ ഭൂമി പതിവ് ഓഫീസുകൾ മുഖേന സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ